മലയാള മനോരമ
ESTABLISHED 1888
30 August 2019

# ഇടുക്കിയിലെ ഉരുളക്കിഴങ്ങ് കെവികെ ഫാം ഷോപ്പിയിൽ

## മായമില്ലാത്ത മീൻ, അരിഞ്ഞു പായ്ക്ക് ചെയ്ത ജൈവപച്ചക്കറി എന്നിവയും ലഭ്യം

കൊച്ചി ● ഇടുക്കിയിൽ ഉരുളക്കിഴങ്ങ് കൃഷിയുണ്ടെന്ന് എത്രപേർക്കറിയാം? സാധാരണ വടക്കേ ഇന്ത്യയിൽ നിന്നുവരുന്ന ഉരുളക്കിഴങ്ങാണ് മാർക്കറ്റുകളിൽ നിന്ന് നാം ദിവസേന വാങ്ങുന്നത്. എന്നാൽ, ഇടുക്കിയിലെ മൂന്നാർ, വട്ടവട, മറയൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്വയം സഹായക കർഷക സംഘങ്ങൾ ജൈവരീതിയിൽ കൃഷി ചെയ്യുന്ന ഗുണനിലവാരമുള്ള ഉരുളക്കിഴങ്ങ് കൊച്ചി നഗരവാസികൾക്കിടയിൽ ജനകീയമാക്കുകയാണ് സിഎംഎഫ്ആർഐയുടെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ). കെവികെയുടെ ഫാം ഷോപ്പിയിൽ 'ഇടുക്കി പൊട്ടറ്റോയ്ക്ക്' ആവശ്യക്കാരേറെയാണ്. ഗുണനിലവാരവും ജൈവീക ഗുണങ്ങളുമുള്ള ഈ നാടൻ ഉൽപ്പന്നം പ്രധാനമായും തമിഴ്നാട്ടിലെ വിപണികളിലേക്ക് പോകുന്ന സാഹചര്യത്തിലാണ് ഇവയുടെ ഗുണഫലങ്ങൾ നമ്മുടെ നാട്ടുകാർക്കും ലഭ്യമാക്കുന്നതിന് കെവികെ മുന്നിട്ടിറങ്ങിയത്. ഉരുളക്കിഴങ്ങ് മാത്രമല്ല, നാടൻ വിത്തുകളുപയോഗിച്ച് ഇടുക്കിയിൽ തന്നെ ജൈവകൃഷി ചെയ്യുന്ന ഗുണമേന്മയേറിയ വെളുത്തുള്ളിയും ഫാം ഷോപ്പിയിൽ ലഭ്യമാണ്. ഇടുക്കി കൃഷി വിജ്ഞാന കേന്ദ്രം, കൃഷിവകുപ്പ് എന്നിവരുടെ മേൽനോട്ടത്തിലാണ് ഇടുക്കിയിലെ കർഷകസംഘങ്ങൾ ജൈവകൃഷി നടത്തുന്നത്.


കൊച്ചി കെവികെ ഫാം ഷോപ്പിയിൽ വിൽപനക്കെത്തിച്ച ഇടുക്കി ഉരുളക്കിഴങ്ങ്

### ഫ്രെഷ് പച്ചക്കറി

'റെഡി ടു കുക്ക്' രൂപത്തിൽ, കഴുകി അരിഞ്ഞ് പാക്ക് ചെയ്ത വിവിധയിനം പച്ചക്കറികളാണ് ഫാം ഷോപ്പിയിലെ മറ്റൊരു ആകർഷണം. ജില്ലയിലെ കർഷക സംഘങ്ങൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ മേൽനോട്ടത്തിൽ ജൈവകൃഷിയിലൂടെ ഉൽപാദിപ്പിച്ച മായം കലരാത്ത പച്ചക്കറികളാണ് വിളവെടുത്ത ഉടൻതന്നെ മുറിച്ച് പായ്ക്കറ്റുകളിലാക്കി വിഎഫ്പിസികെയുടെ തന്നെ ബ്രാൻഡിൽ സിഎംഎഫ്ആർഐയിലെ ഫാം ഷോപ്പിയിലെത്തുന്നത്. സാമ്പാർ, അവിയൽ, വിവിധതരം തോരനുകൾ എന്നിവയ്ക്കുള്ള പായ്ക്കറ്റുകൾ ലഭ്യമാണ്. അരിഞ്ഞെടുക്കാൻ ബുദ്ധിമുട്ടുള്ള വാഴപ്പിണ്ടി, വാഴക്കൂമ്പ്, ചേനത്തണ്ട് തുടങ്ങിയവ ഉൾപ്പെടെ 30 ഓളം പച്ചക്കറി പാക്കറ്റുകൾ ഫാം ഷോപ്പിയിൽ നിന്നും വാങ്ങാം. നഗര പരിധിയിലുള്ള ഓഫിസുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് ദിവസേന ഒന്നിച്ച് എത്തിച്ചു കൊടുക്കാനുള്ള സൗകര്യവും കെവികെ ചെയ്യുന്നുണ്ട്. 8281757450

### വാങ്ങാം മായമില്ലാത്ത മീൻ

മത്സ്യത്തൊഴിലാളികൾ പിടിച്ച മത്സ്യങ്ങൾ അവരുടെ വീടുകളിൽ തന്നെ വൃത്തിയാക്കി പാക്ക് ചെയ്ത മായം കലരാത്ത മീനും ഫാം ഷോപ്പിയിലുണ്ട്. കടലിൽ നിന്നും കായലിൽ നിന്നും പിടിച്ച മീനുകൾ മത്സ്യത്തൊഴിലാളികളുടെ തന്നെ ബ്രാൻഡിൽ ഫുഡ് സേഫ്റ്റി മുദ്രയോടെയാണ് കെവികെ വിപണനം നടത്തുന്നത്. ഇടനിലക്കാരെ ഒഴിവാക്കിയാണ് ഇവ വിപണിയിലെത്തുന്നത്. മത്തി, അയല, ചെമ്മീൻ, കരിമീൻ, കൂരി, കൊഴുവ, കരിമീൻ തുടങ്ങിയ ചെറുമീനുകളാണ് കൂടുതലും.

ഓണം പൊന്നോണം

### പൊക്കാളി അരി, തേൻ, ഉണക്കമീൻ തുടങ്ങി ഒട്ടേറെ ഉൽപന്നങ്ങളും

നിത്യേന വീടുകളിൽ ഉപയോഗിക്കുന്ന മറ്റനേകം ഉൽപന്നങ്ങളും ഫാം ഷോപ്പിയിൽ ലഭിക്കും. നാടൻ കോഴി, കരിങ്കോഴി, താറാവ് എന്നിവയുടെ മുട്ട, വെളിച്ചെണ്ണ, തേൻ, പൊക്കാളി പുട്ട് പൊടി, പൊക്കാളി അരി, ഉണക്കമീൻ, ഉണക്കച്ചെമ്മീൻ, നെയ്യ്, മറയൂർ ശർക്കര തുടങ്ങി അനേകം ഉൽപന്നങ്ങൾ സിഎംഎഫ്ആർഐയിൽ സ്ഥിതി ചെയ്യുന്ന ഫാം ഷോപ്പിയിൽ നിന്നു വാങ്ങാം.